**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1265</u>** **<u>07-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>പാൽ വില വർധനവ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാൽ വില കൂട്ടുവാൻ മിൽമ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ക്ഷീരസംഘത്തിൽ അളക്കുന്ന പാലിൻറെ സംഭരണ വിലയും വില്പന വിലയും വർദ്ധിപ്പിച്ചിട്ടുണ്ട് .2022 ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ പാൽവില 6 രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>കോവിഡ് നിയന്ത്രണങ്ങൾ എല്ലാം മാറുകയും ജനജീവിതം സാധാരണ ഗതിയിലാകുകകയും ചെയ്യുന്ന സാഹചര്യത്തിൽ കർഷകരുടെ പ്രയാസങ്ങളും ഉയർന്ന ഉത്പ്പാദനചെലവും കണക്കിലെടുത്ത് പാൽ വില വർദ്ധിപ്പിക്കുന്നതിന് മിൽമയുടെ ഭരണസമിതി തീരുമാനിക്കുകയും ചെയ്തു. ഇതനുസരിച്ച് പാൽ ഉത്പ്പാദന ചെലവിനെക്കുറിച് പഠിക്കുന്നതിന് കാർഷിക വെറ്ററിനറി സർവ്വകലാശാലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ കമ്മിറ്റി രൂപികരിക്കുകയും കമ്മിറ്റിയുടെ ശുപാർശ പ്രകാരം കർഷകന് നിലവിൽ ലിറ്ററിന് 8.57 രൂപ നഷ്ടമുളളതായി കണക്കാക്കിയിട്ടുണ്ട്. ഇതേ തുടർന്ന് ഭരണസമിതി പാലിൻറെ വിൽപ്പന വില ലിറ്ററിന് 6.00 രൂപ വച്ച് വർദ്ധിപ്പിച്ച് ഡിസംബർ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. |
| (ബി) | പാൽ വില വർദ്ധനവ് മൂലം ക്ഷീര കർഷകർക്ക് എത്ര രൂപയുടെ പ്രയോജനം ലഭിക്കുമെന്നതിന്റെ വിശദവിവരം നൽകുമോ? | (ബി) | 2022 ഡിസംബർ ഒന്നാം തീയതി പാൽ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം അതായത് 5.025 രൂപ കർഷകർക്ക് ലഭിക്കും. 3.0% കൊഴുപ്പും 8.5% കൊഴുപ്പിതര പദാർത്ഥങ്ങളും ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത് |

സെക്ഷൻ ഓഫീസർ